പെട്ടെന്ന് പൊട്ടിപുറപ്പെട്ട ഒരു പ്രശ്നമല്ല ലാലൂർ. അതിന് തൃശ്ശൂരിന്റെ ചരിത്രത്തിനോളം പഴക്കമുണ്ട്. നഗരത്തിന്റെ മാലിന്യം പേറുക എന്നത് കൊച്ചി മഹാരാജാവിന്റെ കാലം മുതൽക്ക് തുടങ്ങിയ ഗതികേടാണ് ലാലൂരിന്. വടക്കുംനാഥക്ഷേത്ര ദർശനത്തിനായി രാജാവെത്തിയിരുന്ന നടവഴിയിലെ മാലിന്യങ്ങൾ തന്റെ കൺമുന്നിൽ നിന്നും മാറ്റി ലാലൂരിൽ നിക്ഷേപിക്കാൻ അന്ന് രാജാവ് കൊടുത്തിരുന്ന ഉത്തരവ് തന്നെയാണ് ഇന്ന് ജനാധിത്യ ഭരണസംവിധാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന കോർപറേഷനും നൽകുന്നത്. നഗരവാസികൾ സൃഷ്ടിക്കുന്ന മാലിന്യങ്ങളെല്ലാം ലാലൂരിലേക്ക് പോകട്ടെ എന്ന് പറയുന്നതിൽ എന്ത് മര്യാദയാണുള്ളത്. ഉറവിടത്തിൽ തന്നെ സംസ്കരിക്കപ്പെടേണ്ട മാലിന്യങ്ങൾ ലാലുരുപോലെയുള്ള ജനവാസ കേന്ദ്രങ്ങളിൽ നാളുകളായി നിക്ഷേപിച്ച് തദ്ദേശവാസികളുടെ ആരോഗ്യ/സാമൂഹിക സംവിധാനങ്ങൾ തകർത്തുകൊണ്ട് ശുചിത്വ നഗരവും നിർമ്മൽ ഗ്രാമവും നിർമ്മിക്കുന്നതിന്റെ അപാകതകൾകൂടിയാണ് ഇപ്പോൾ ചീഞ്ഞ് നാറുന്നത്.

ലാലൂരിന്റെ ചരിത്രത്തെയും വർത്തമാനത്തെയും കുറിച്ച് സമരസമിതിയുടെ മുഖ്യപ്രവർത്തകനായ **ടി.കെ വാസു** കേരളത്തീയത്തിനോട് സംസാരിക്കുന്നു.

# ലാലൂരിലേക്ക് ഇനി കോർപറേഷൻ വണ്ടി വരരുത്

ലാലൂർ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണെന്ന തോന്നൽ അധികാരികൾക്കുള്ളിൽ ഉണ്ടാകുന്നില്ല എന്നതാണ് ഇന്നത്തെ പ്രധാന പ്രശ്നം. ലാലൂർ ഇന്നെത്തി നിൽക്കുന്ന അവസ്ഥ ഭാവിയിൽ കൂടുതൽ രൂക്ഷനമാകുന്നത് തടയാനുള്ള ശ്രമങ്ങളൊന്നും ഭരണകൂടത്തിന്റെ ഭാഗത്ത് നിന്നുമില്ല. പ്രശ്ന പരിഹാരത്തിനായി നിരവധി നിർദ്ദേശങ്ങൾ സമരപ്രവർത്തകർ മുന്നോട്ടുവച്ചിട്ടും കോർപറേഷനും ജില്ലാ ഭരണകൂടവും അതൊന്നും പരിഹരിക്കാൻ തയ്യാറായില്ല. പക്ഷെ അവരെല്ലാം ഇതെല്ലാം ഇങ്ങിനയെ നടക്കൂ എന്ന നിലപാടിലാണ്. ജനങ്ങളുടെ നിരന്തരമായ പ്രതിഷേധത്തെത്തുടർന്ന് ഹൈകോടതിയും ആർ ഡി ഒയും മലിനീകരണ നിയന്ത്രണ ബോർഡുമെല്ലാം ലാലൂർ വിഷയത്തിൽ ഇടപെടുകയും കോർപറേഷന്റെ നിലപാടുകളെ ശക്തമായി വിമർശിക്കുകയും ചെയ്തിട്ടുണ്ട്.

1998ൽ ലാലൂരിലെ വിഷലിപ്തമായ കിണറ്റിൽ ഇറങ്ങിയതുകാരണം മരണപ്പെട്ട മൂന്ന് പേരുടെ കേസുമായി ബന്ധപ്പെട്ട് തൃശ്ശൂരിലെ ആർ ഡി ഒ കോടതി ലാലൂരിൽ മാലിന്യങ്ങൾ നിക്ഷേപിക്കാൻ പാടില്ല എന്ന് വിധിക്കുകയുണ്ടായി. എന്നാൽ ആ വിധിയുടെ മേൽ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയ കോർപറേഷൻ മാലിന്യ നിക്ഷേപം തുടരുകയാണ് ഉണ്ടായത്. ഭാവിയിൽ ഇത്തരം അവസ്ഥകൾ ഉണ്ടാകരുതെന്ന് അന്നുമുതൽ ഞങ്ങൾ കോർപറേഷനോട് ആവശ്യപ്പെടുന്നുണ്ട്. മരണപ്പെട്ട ഒരാളുടെ അമ്മയാണ് പിന്നീട് കേസുമായി മുന്നോട്ട് പോയത്. അതിനെത്തുടർന്ന് ഏറ്റവും ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന് കോർപറേഷൻ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് 2000ൽ ഹൈക്കോടതി കോർപറേഷനോട് നിർദ്ദേശിക്കുന്നു. 2000 ജൂൺ മാസത്തിനകം നിർമ്മക്കണമെന്നായിരുന്നു നിർദ്ദേശം, എന്നാൽ കോർപറേഷൻ കൃത്യ സമയത്ത് പണിപൂർത്തിയാക്കാതെ കാലാവധി നീട്ടി വാങ്ങിക്കൊണ്ടിരുന്നു. ഹൈക്കോടതിയുടെ ഈ നിർദ്ദേശത്തെതുടർന്നാണ് സമരപ്രവർത്തകരുമായി ചില ധാരണയിലെത്താൻ കോർപറേഷൻ തീരുമാനിക്കുന്നത്. 2003ൽ പ്ലാന്റിന്റെ പണി കോർപറേഷൻ പൂർത്തിയാക്കുന്നു. എന്നാൽ പൂർണ്ണമായും പ്രവർത്തനസജ്ജമായ പ്ലാന്റ് നിർമ്മിക്കാൻ അവർക്ക് കഴിഞ്ഞില്ല. അവിടെ എത്തിക്കൊണ്ടിരുന്ന മാലിന്യം 30-50 ടണ്ണിനിടയിലുള്ളതായിരുന്നു. എന്നാൽ 2 ടണ്ണിന് താഴെ മാത്രം പ്രവർത്തന ശേഷിയുള്ള യന്ത്രമാണ് ലാലൂരിലുള്ളത്. വരുന്ന ജൈവമാലിന്യങ്ങളുടെ ദഹന പ്രക്രിയ എളുപ്പത്തിലാക്കാനുള്ള ഓർഗേവർ മിഷിനുകൾ മൂന്നെണ്ണമായിരുന്നു ലാലൂരിൽ ഉള്ളത്. ആദ്യം ഒരു മിഷ്യനായിരുന്നു ഉണ്ടായിരുന്നത്. അന്ന് കളക്ടറായിരുന്ന ടി.ഒ സൂരജ് ഒരു മിഷ്യൻ ലാലൂരിൽ എത്തുന്ന മാലിന്യങ്ങളെ സംസ്കരിക്കാൻ അപര്യാപ്തമാണെന്ന് കോടതിയെ ബോധിപ്പിച്ചതിന്റെ ഫലമായാണ് രണ്ട് മിഷ്യനുകൾ കൂടി അനുവദിക്കുന്നത്. രണ്ടേകാൽ കോടി രൂപയാണ് ആധുനിക സംവിധാനങ്ങളുള്ള ഈ പ്ലാന്റിന്റെ നിർമ്മാണത്തിനായി കോർപറേഷൻ ചിലവഴിച്ചത്. അതോടെ ലാലൂരിലെ വിഷയങ്ങൾക്ക് പരിഹാരമാകുമെന്നാണ് അവർ അവകാശപ്പെട്ടത്. ശാസ്ത്രീയ രീതിയിലുള്ള സംസ്കരണം നടത്താൻ ശേഷിയുള്ളതാണ് പ്ലാന്റെന്ന് അവർ കോടതിയെ തെറ്റിധരിപ്പിച്ച് സത്യവാങ്മൂലം നൽകി.

കോടതി കോർപറേഷന്റെ നടപടിക ളോട് സന്ധിചെയ്യുകയാണുണ്ടായത്. രണ്ടേകാൽ കോടി രൂപ ചിലവഴിച്ച് നിർമ്മിച്ച സംവിധാനം അവിടെ നില നിൽക്കുന്നതിനാൽ കോടതിയെ ഈ വിഷയവുമായി ബന്ധപ്പെട്ട് നിങ്ങൾ സമീപിക്കേണ്ടതില്ല എന്ന നിലപാ ടാണ് കോടതി കൈക്കൊണ്ടത്. എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ഒരു മോണി റ്ററിംഗ് കമ്മിറ്റി ഹൈക്കോടതി നിർദ്ദേ ശാനുസരണം രൂപീകരിച്ചു. എന്നാൻ മോണിറ്ററിംഗ് കമ്മിറ്റിയും വേണ്ടത്ര ഗൗരവത്തോടെ ഈ വിഷയത്തെ കൈകാര്യം ചെയ്തില്ല എന്നതിന്റെ തെളിവായിരുന്നു അടുത്തിടെ ലാലൂരിലുണ്ടായ അതിദാരുണമായ സംഭവവികാസങ്ങൾ.

പ്ലാസ്റ്റിക്ക് ഒഴികെയുള്ള ജൈവ മല്ലാത്ത മാലിന്യങ്ങൾ കുഴിച്ച് മൂടു കയും മറ്റ് ജൈവമാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുകയുമായി രുന്നു ഉദ്ദേശിച്ചിരുന്നത്. ജൈവമല്ലാ ത്ത മാലിന്യങ്ങൾ കുഴിച്ച് മൂടുന്നതിന് ലാലൂരിന് പുറത്ത് സ്ഥലം കണ്ടെത്ത ണമെന്ന് 2000ൽ കളക്ടറുടെയും തൃശ്ശൂർ എം എൽ എയുടെ യുമൊക്കെ സാന്നിധ്യത്തിൽ നടന്ന മീറ്റിംഗിൽ തീരുമാനമായിരുന്നു. അതിന്റെ പരസ്യമായ ലംഘനമാണ് ഇപ്പോൾ ലാലൂരിൽ നടന്നുകൊണ്ടിരി ക്കുന്നത്. സംസ്കരണത്തിനായി ഇറ ക്കുമതി ചെയ്ത യന്ത്രങ്ങൾ കൃത്യ മായി പ്രവർത്തിക്കാതായതോടെ ഇപ്പോൾ സംസ്കരണം നടക്കുന്നില്ല. കേവലം 9 മാസങ്ങൾ മാത്രമാണ് ആ യന്ത്രങ്ങൾ നല്ല രീതിയിൽ പ്രവർത്തി ച്ചത്. കൺവയർ ബെൽറ്റ് കേടായി, രണ്ട് ഓർഗേവർ മിഷ്യനുകൾ പൂർണ്ണ മായും പ്രവർത്തന രഹിതമായി, ഓർഗേവറുകളിലേക്ക് മാലിന്യങ്ങൾ എത്തിച്ചിരുന്ന രണ്ട് ജെ സി ബികെ ളുടെ പ്രവർത്തനം നിലച്ചു. തുടങ്ങിയ നിരവധി പ്രശ്നങ്ങൾ കാരണം ലാലൂ രിൽ മാലിന്യങ്ങൾ സംസ്കരിക്കപ്പെ ടാതെ കുന്ന്കൂടിക്കൊണ്ടിരുന്നു. പ്രവർത്തനം നടക്കാത്തതിന്റെ പ്രശ്ന ങ്ങളെല്ലാം ജില്ലാ കളക്ടറെ സമരസ മിതി അപ്പപ്പോൾ തന്നെ ബോധ്യപ്പെ ടുത്തിക്കൊണ്ടിരുന്നു. സംസ്കരണം സാധ്യമല്ലാതെ വന്നതോടെയാണ് ലാലൂരിലെ സ്ഥിതി ദുസ്സഹമായ തെന്ന് ഏവർക്കും ബോധ്യമായി. ട്രഞ്ചിംഗ് ഗ്രൗണ്ടിന്റെ തെക്കുഭാഗ ത്തായാണ് നാളുകളായി മാലിന്യ ങ്ങൾ കുന്നുകൂടിയത്. മഴ വന്നപ്പോൾ വെള്ളം ഒഴുകിപ്പോകാൻ കഴിയാതെ വടക്ക് ഭാഗത്തേക്കുള്ള ഒഴുക്ക് കൂടു കയും മതിലിടിയുകയും ചെയ്തു. മഴ പിന്നെയും കൂടിയതോടെ മലിനജലം ജനവാസ കേന്ദ്രങ്ങളിലേക്ക് ഒഴുകി യെത്തി. അതോടെയാണ് ഇപ്പോ ഴത്തെ പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

**ലാലൂരിലെ ജനങ്ങൾ/ചരിത്രം**

ലാലൂരെന്ന് പറയുന്നത് ഒന്നര കിലോ മീറ്റർ ചുറ്റളവിൽ ഏകദേശം 20,000 ആളുകൾ താമസിക്കുന്ന സ്ഥലമാണ്. കോർപറേഷൻ ഡിവിഷ നുകളിൽ 47ന്റയും 43ന്റെയും ഭാഗ മാണ്. ഇരുന്നൂറ്റി അൻപതിലധികം വീടുകൾ ട്രഞ്ചിംഗ് ഗ്രൗണ്ടിന്റെ ചുറ്റുവട്ടത്തായുണ്ട്. അംബേദ്കർ കോളനി, അസീസ് നഗർ, മുൻസി പ്പൽ ക്വാർട്ടേഷ് എന്നിവിടങ്ങളിലാ യാണ് താമസക്കാരുള്ളത്. 26 ഏക്ക റിലാണ് ട്രഞ്ചിംഗ് ഗ്രൗണ്ടുള്ളത്.

രാജഭരണ കാലം തൊട്ടുതന്നെ ലാലൂർ തൃശ്ശൂരിന്റെ മാലിന്യ നിക്ഷേപ കേന്ദ്രമായിരുന്നു. പണ്ട് മല മാലിന്യങ്ങളായിരുന്നു കൂടുതലായി നിക്ഷേപിച്ചിരുന്നത്. അക്കാലത്ത് തന്നെ ജനനിബിഢമായ സ്ഥലമാണ് ലാലൂർ. സമരം തുടങ്ങിയപ്പോൾ ഭര ണാധികാരികൾ പറഞ്ഞത് സ്ഥല ത്തിന് വിലകുറവായതിനാൽ മാലിന്യ നിക്ഷേപം തുടങ്ങിയ ശേഷം ആളു കൾ വന്ന് വാങ്ങിയെന്നാണ്. എന്നാൽ സത്യത്തിൽ അതായിരുന്നില്ല വസ്തു ത. കൊച്ചി മഹാരാജാവ് തൃശ്ശൂരിൽ താമസം ആരംഭിച്ച ശേഷം അദ്ദേഹ ത്തിന്റെ വടക്കുംനാഥ ക്ഷേത്ര ദർശന വഴിയിലുള്ള മാലിന്യങ്ങൾ അവിടെ നിന്നും മാറ്റി ലാലൂരിൽ നിക്ഷേപി ക്കാൻ ഉത്തരവുട്ടു. അക്കാലം മുതൽ നോക്കുകയാണെങ്കിൽ അറുപത് വർഷത്തിലധികമായി ലാലൂർ നഗര ത്തിൽ നിന്നുള്ള മാലിന്യങ്ങൾ ചുമ ക്കുകയാണ്. അന്ന് മലനിക്ഷേപമായി രുന്നു വ്യാപകമായി ഉണ്ടായിരുന്നത്. അതിനെതിരെ അറുപതുകളിൽ തന്നെ ലാലൂരിൽ പലവിധത്തിലുള്ള പ്രക്ഷോഭങ്ങൾ നടന്നിരുന്നു. അങ്ങിനെയുള്ള ഒരു തുടർച്ചയുടെ ഭാഗമാണ് ഇപ്പോഴും നടക്കുന്ന സമ രങ്ങൾ.

1983ലാണ് ഇന്ന് നടക്കുന്ന സമ രങ്ങളുടെ ചരിത്രം. ഹൈക്കോടതി യിൽ ഒരു പെറ്റീഷൻ ആദ്യമായി ഫയൽ ചെയ്യുന്നതും ആ വർഷമാ ണ്. നടപടികളൊന്നും ഉണ്ടാകാത്ത ത്തിനെ തുടർന്ന് 1988ലാണ് പിന്നീട് സമരം വീണ്ടും ശക്തമാകുന്നത്. അന്നാണ് ഞാനൊക്കൊ സമരരംഗ ത്തേക്കെത്തുന്നത്. അന്ന് എ.വി ആര്യ നായിരുന്നു സമരസമിതി ചെയർമാൻ. തുടർന്ന് കോടതി വരാന്തകൾ സ്ഥിര മായി കയറിയിറങ്ങേണ്ടിവന്നു. 21 കേസുകൾ, മൂന്ന് തവണ ജയിൽ വാസം. 92വരെ വളരെ ശക്തമായി സമരം തുടർന്നു. 92ൽ ഹൈക്കോ ടതി വിഷയത്തിൽ ഇടപെടുന്നു. അന്ന് ലാലൂരിൽ നഗത്തിലെ ചപ്പുവ റുകൾക്കൊപ്പം ആശുപത്രി മാലിന്യ ങ്ങളും വളരെ വ്യാപകമായി വന്നിരു ന്നു. മനുഷ്യ അവയവങ്ങൾ ഉൾപ്പെ ടെയുള്ളതായിരുന്നു ആ മാലിന്യ ങ്ങൾ. തെരുവ് നായ്ക്കളുടെയും പക്ഷികളുടെ മറ്റ് മൃഗങ്ങളുടെയു മൊക്കെ ഭീകരമായൊരു കൂട്ടം അന്ന് ലാലൂരിൽ സ്ഥരമായുണ്ടായിരുന്നു. സമരം ശക്തമായപ്പോൾ മനുഷ്യശരീ രത്തിന്റെ ഭാഗങ്ങളുൾപ്പെടുന്ന മാലി ന്യങ്ങൾ പാത്രങ്ങളിലാക്കി മുൻസി പ്പൽ ഓഫീസിനുമുന്നിൽ ഞങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്. ലാലൂരിലേക്ക് മാലിന്യവുമായെത്തിയ പന്ത്രണ്ട് ലോറികൾ തല്ലിപ്പൊളിച്ചു. എം ഒ വർഗ്ഗീസ് എന്ന സമരസമിതി പ്രവർത്തകനാണ് ഹൈക്കോടതിയെ സമീപിച്ചത്. പരാതി സ്വീകരിച്ചു കൊണ്ട് അലക്ഷ്യമായ നിക്ഷേപം നിർത്തമമെന്നും 6 മാസത്തിനകം ലാലൂരിനി പകരം പുതിയ സംവി ധാനം കണ്ടെത്തണമെന്നും ഹൈക്കോടതി മുൻസിപ്പാലിറ്റിയോട് ഉത്തരവിടുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 88ൽ തുട ങ്ങിയ സമരം 92ൽ താത്കാലിക മായി നിർത്തിവയ്ക്കുന്നത്. വീണ്ടും സമരമാരംഭിക്കുന്നത് 1997ലാണ്. ഹൈക്കോടതിയുടെ ഉത്തരവ് അതു വരെ പാലിക്കാൻ മുൻസിപ്പൽ അധി

കാരികൾക്ക് കഴിഞ്ഞില്ല. മുൻസിപ്പാലിറ്റി ഈ നിഷേധാത്മക നിലപാട് സ്വീകരിച്ച സമയത്താണ് കിണറ്റിലിറങ്ങിയ മൂന്ന് യുവാക്കൾ മലിനീകരണം കാരണം ലാലൂരിൽ മരണപ്പെടുന്നത്. ആ സംഭവത്തോടെയാണ് വീണ്ടും സമരം ശക്തമാകുന്നത്. അതിനിടയിൽ മുൻസിപ്പാലിറ്റി കോർപറേഷനായി മാറുന്നു. കോർപറേഷന്റെ നേതൃത്വത്തിൽ കളക്ടറും എസ് പിയും എം എൽ എയുമൊക്കെ ഉൾപ്പെടുന്ന ഒരു യോഗം 1992ൽ രാമനിലയത്തിൽ വച്ച് ചേർന്നു. അന്നെടുത്ത തീരുമാന പ്രകാരം ആധുനിക രീതിയിലുള്ള പ്ലാന്റ് ഏറ്റവും വേഗത്തിൽ നിർമ്മിക്കണമെന്ന് തീരുമാനമാകുന്നു. സംസ്കരിക്കാൻ കഴിയാത്ത മാലിന്യങ്ങൾ ലാലൂരിന് പുറത്ത് നിക്ഷേപിക്കാനും തീരുമാനമാകുന്നു. ഈ നിർണ്ണായക തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമരം വീണ്ടും നിർത്തി വയ്ക്കുന്നു.

2003ലാണ് നാമമാത്രമായ ഒരു പ്ലാന്റ് കോർപറേഷൻ അവിടെ സ്ഥാപിക്കുന്നത്. അത് ഇപ്പോഴും അങ്ങിനെ തന്നെ. മൂന്ന് ഓർഗേവർ മിഷ്യനുകൾ ജർമ്മനിയിൽ നിന്നും ഇറക്കുമതിചെയ്തു. സംസ്കരണ സംവിധാനം കുറ്റമറ്റ രീതിയിൽ മുന്നോട്ട് കൊണ്ട്പോകാൻ കഴിയാത്തതിന് കാരണം അഴിമതിയാണ്.

**അഴിമതി**

ലാലൂരിൽ മാലിന്യങ്ങൾ കയറ്റി വരുന്ന ലോറികൾക്ക് ഒരു മാസം അനുവദിച്ചിരുന്നത് 2 ലക്ഷത്തിലധികം രൂപയാണ്. ഈ തുകയിൽ വലിയൊരു ശതമാനം അഴിമതിയാണ്. ഈ അഴിമതി തുടർന്നും നിലനിൽക്കുക, അതിന് ആവശ്യമായ അന്തരീക്ഷം ഒരുക്കുക എന്നതായി കോർപറേഷന്റെ ലക്ഷ്യം. ഇതെല്ലാം സ്വകാര്യ വ്യക്തികളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഓർഗേവർ മിഷ്യൻ ഇറക്കുമതി ചെയ്ത് കൊണ്ടുവന്നതും ആലുവായിലുള്ള ടെക്നോ ഗ്രൂപ്പ് എന്ന സ്വകാര്യ സ്ഥാപനമാണ്. 21 ലക്ഷം രൂപയാണ് യന്ത്രത്തിന്റെ വില അന്ന് അവർ പറഞ്ഞിരുന്നത്. അങ്ങിനെ മൂന്ന് മിഷ്യൻ. അതിന്റെയെല്ലാം പിന്നിൽ അഴിമതിയുണ്ടായിരുന്നതായാണ് പിന്നീടുള്ള വസ്തുതൾ പറയുന്നത്. ഇന്ന് ആ യന്ത്രം ഇന്ത്യയിൽ പലയിടത്തും പ്രവർത്തിക്കുന്നുണ്ട്. അതിന്റെ വില 11 ലക്ഷ മാത്രമാണ്. ലാലൂരിലെല്ലാം യന്ത്രമിറക്കുമതിചെയ്തതിന്റെ ഭാഗമായി അഴിമതി നടന്നു എന്ന് ഉറപ്പാണ്.



ലാലൂരിൽ തെളിവെടുപ്പിനായി ജില്ലാ ജഡ്ജി എത്തിയപ്പോൾ

**പാരിസ്ഥിതിക പ്രശ്നങ്ങൾ**

ലാലൂരിൽ വരുന്ന മാലിന്യങ്ങൾ ഉണ്ടാക്കാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് സമരത്തിന്റെ തുടക്കത്തിൽ തന്നെ നമ്മൾ ഉന്നയിച്ചിട്ടുള്ളതാണ്. 1996ൽ കിണറ്റിൽ ഇറങ്ങിയപ്പോൾ മൂന്ന് പേർ മരിക്കാനിടയായ സംഭവവുമായി ബന്ധപ്പെട്ട് ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ അവർ കണ്ടെത്തിയത് ഏതാണ്ട് 9 കിണറുകളിലെ വെള്ളം കുടിക്കാൻ പറ്റാത്ത തരത്തിൽ മലിനമായിക്കഴിഞ്ഞു എന്നാണ്. കോളിഫാം ബാക്ടീരിയയുടെ എണ്ണം ആയിരത്തിലധികമായിരുന്നു. ആ കിണറുകളിലെ വെള്ളം ഒരു തരത്തിലും ഉപയോഗിക്കാൻ പാടില്ല എന്ന് പറഞ്ഞ് അവർ അത് സീൽ ചെയ്തു.

വായുവും ഇതേ രീതിയിൽ ലാലൂരിന്റെ ഒന്നര കിലോമീറ്റർ ചുറ്റളവിൽ മലിനീകരിക്കപ്പെട്ടു. സംസ്കരണ പദ്ധതിയുടെ പ്രവർത്തനം നിലച്ചപ്പോൾ കുന്നുകൂടിക്കിടന്നിരുന്ന മാലിന്യങ്ങൾ കോർപറേഷന്റെ ആളുകൾ വന്ന് കത്തിച്ചു. അത് അതിഭീകരമായ അവസ്ഥയാണ്. വിവിധതരം മാലിന്യങ്ങൾ അടങ്ങിയ പുക നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണ്. അംബേദ്കർ കോളനിയിൽ അവസാനം നടന്ന മരണം ഈ വിഷവായു ശ്വസിച്ചുണ്ടായതാണ്. മലിനീകരണ നിയന്ത്രണ ബോർഡ് അവരുടെ താക്കീത് കോർപറേഷനും നൽകി. ഈ രീതി തുടരുകയാണെങ്കിൽ ലാലൂർ അതിഗുരുതരമായ അവസ്ഥയിലേക്ക് പോകുമെന്ന് തെളിവുകൾ സഹിതം അവർ കോർപറേഷനെ ബോധ്യപ്പെടുത്തി. പക്ഷെ അതൊന്നും കണ്ടില്ലെന്ന മട്ടിലാണ് കോർപറേഷൻ. നിർദ്ദേശങ്ങൾ നൽകുകയല്ലാതെ ഒരു ശിക്ഷണ നടപടിയും മലിനീകരണ നിയന്ത്രണ ബോർഡ് ഇതുവരെ കൈക്കൊണ്ടിട്ടില്ല. ഭരണഘടനാ പരമായി പ്രവർത്തിക്കുന്ന മുഴുവൻ ഏജൻസികളും ജനവിരുദ്ധമായാണ് ഇക്കാര്യത്തിൽ പെരുമാറിക്കൊണ്ടിരിക്കുന്നത്. മനുഷ്യന് ജീവിക്കുന്നതിനുള്ള സാധ്യകൾ ഇല്ലാതാക്കുക മറുവശത്ത് അത് ശരിയല്ലെന്ന് പറയുന്ന വരെ ജയിലിലടയ്ക്കുക, ഇതാണ് ഭരണകൂടം നാളുകളായി ചെയ്തുകൊണ്ടിരിക്കുന്നത്. കോടതികളുടെ താക്കീതുകൾ നിരവധി തവണയുണ്ടായിട്ടും ഇത് നിർബാധം തുടർന്നുകൊണ്ടിരിക്കുകയാണ്. 2008 മെയ് മാസത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് വീണ്ടും നടത്തിയ പഠനത്തിൽ 40ൽ അധികം കിണറുകൾ ഉപയോഗിക്കാൻ കഴിയാത്ത വിധത്തിൽ മലി

## നിയമസഭാ പരിസ്ഥിതി സമിതി ലാലൂരിൽ പ്രഹസന 'സന്ദർശനം' നടത്തി

**തൃശ്ശൂർ കളക്ടറേറ്റിൽ സിറ്റിംഗിനായെത്തിയ നിയമസഭാ പരിസ്ഥിതി സമിതി ജില്ലയിലെ കത്തിനിൽക്കുന്ന പരിസ്ഥിതി പ്രശ്നമായ ലാലൂരിന് വേണ്ടത്ര പരിഗണന കൊടുക്കാതെ ലാലൂരിൽ ഒരു പ്രഹസന സന്ദർശനം നടത്തി മടങ്ങിയതായി സമര സമിതി പരാതിപ്പെട്ടു. ജില്ലയിലെ വിവിധ സ്ഥലങ്ങളിലെ പാരിസ്ഥിതക പ്രശ്നങ്ങളെക്കുറിച്ച് അതാതുസ്ഥലങ്ങളിലെ ജനങ്ങളുടെ പ്രതികരണം നേരിട്ടറിയാൻ കളക്ടറേറ്റിലെത്തിയ സമിതിയോട് ലാലൂർ ഉറപ്പായും സന്ദർശിക്കണമെന്ന് സമരസമിതി പ്രവർത്തകർ ആവശ്യപ്പെട്ടിരുന്നു. ലാലൂർ വിവാദത്തിന്റെ പശ്ചാത്തലത്തിൽ അവിടെ സന്ദർശിച്ച് കാര്യങ്ങൾ നേരിട്ടറിയാൻ കൂടിയാണ് തൃശ്ശൂരിൽ യോഗം ചേർന്നതെന്ന് പരിസ്ഥിതി സമിതി സമരപ്രവർത്തകരെ അറിയിച്ചു. അതിൻ പ്രകാരം ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് ലാലൂരിലെത്തുമെന്നും അവിടെ വച്ച് സമരപ്രവർത്തകരുമായി വിശദമായ കൂടിക്കാഴ്ച നടത്താമെന്നും ധാരണയായി. എന്നാൽ ആരെയും അറിയിക്കാതെ 1:15 ന് സ്ഥലത്തെത്തി 1:30ന് പരിസ്ഥിതി സമിതി മടങ്ങുകയാണുണ്ടായത്. പ്രദേശത്തെ ദുരിതമനുഭവിക്കുന്നവരെയോ സമരസമിതിക്കാരെയോ കാണാൻ തയ്യാറായില്ല. ട്രഞ്ചിംഗ് ഗ്രൗണ്ട് നോക്കികാണാൻ മാത്രമാണ് സമിതി താത്പര്യമെടുത്തത്. കോർപറേഷൻ അധികൃതരുടെയും രാഷ്ട്രീയ പാർട്ടികളുടെയും ഇടപെടലാണ് ഇതിന് പിന്നിലെന്ന് സമരസമിതി സംശയിക്കുന്നു.**

നപ്പെട്ടതായി കണ്ടെത്തുകയുണ്ടായി. കഴിഞ്ഞ ജൂലൈ 14ന് മതിലിടിഞ്ഞതിന്റെ ഭാഗമായി മലിനജലം പുറത്തേക്കൊഴുകി 250ൽ അധികം കിണറുകൾ മലിനപ്പെട്ടു. വെറും മലിനജലം മാത്രമായിരുന്നില്ല അത്, പത്രങ്ങളിൽ ചിത്രങ്ങളെല്ലാം നിങ്ങൾ കണ്ടതല്ലേ? വരുന്ന മാലിന്യത്തിന്റെ അളവ് അനുസരിച്ച് അത് സംസ്കരിച്ച് മാലിന്യമാക്കി മാറ്റാൻ ആവശ്യമായ യന്ത്രസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ അവർ തീർത്തും ഉപേക്ഷ കാണിച്ചു. കോടതിയെയും സമരപ്രവർത്തകരെയും തെറ്റിധരിപ്പിക്കുന്നതിനായി അവർ ഉണ്ടാക്കിയ ഒരു ഗൂഢ പദ്ധതിയുടെ ഭാഗമായിരുന്നു ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണം. 2 മീറ്റർ ഉയരത്തിലും 400 മീറ്റർ നീളത്തിലും ഒരു കരിങ്കൽ മതിൽ പണിത് മാലിന്യങ്ങളെ അതിനുള്ളിലാക്കി എന്നതുമാത്രമാണ് അവർ ആകെ ചെയ്തൊരു കാര്യം. മുൻസിപ്പാലിറ്റി മാറി കോർപറേഷൻ ആയതോടെ നാല് പഞ്ചായത്തുകൾ കൂടി കോർപറേഷനിൽ കൂട്ടിച്ചേർക്കപ്പെടുകയും അതോടെ ലാലൂരുലേക്ക് വരുന്ന മാലിന്യങ്ങളുടെ അളവ് കൂടുകയും ചെയ്തു. അതോടെ സ്ഥിതി കൂടുതൽ ദുസ്സഹമായി.

### ആഗോളവത്കരണം/കുടുംബശ്രീ/ എ ഡി ബി

ആഗോളവത്കരണത്തിന്റെ ഭാഗമായി കുടുംബശ്രീ, സേവനശ്രീ യൂണിറ്റുകൾ എത്തിയതോടെയാണ് ലാലൂരിലേക്കുള്ള മാലിന്യങ്ങളുടെ അളവിൽ വീണ്ടും വ്യത്യാസം വന്നത്. തൃശ്ശൂർ നഗരത്തിലെ ഫ്ളാറ്റുകളിൽ നിന്നുള്ള മാലിന്യങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ ശേഖരിച്ച് ലാലൂരിലേക്കെത്തിക്കാൽ തുടങ്ങി. മാലിന്യം ശേഖരിക്കുന്ന ഓരോ വീടുകളിൽ നിന്നും പണം ശേഖരിച്ചാണ് ഈ യൂണിറ്റുകൾ വരുമാനം കണ്ടെത്തുന്നത്. കൂടുതൽ വീടുകളിൽ നിന്നും മാലിന്യം ശേഖരിച്ചാൽ കൂടുതൽ വരുമാനം കിട്ടുന്നതിനാൽ ഇവർ മാലിന്യ ശേഖരണം വിപുലമാക്കി. 25 പെട്ടി വണ്ടികളിലാണ് കുടുംബശ്രീ മാലിന്യങ്ങൾ ലാലൂരിൽ എത്തിക്കുന്നത്. 100 വീടുകളുള്ള ഫാളാറ്റിൽ നിന്നും 100 കിലോ മാലിന്യമാണ് എത്തുന്നത്. അങ്ങിനെ മാലിന്യ നിക്ഷേപത്തിന്റെ അളവ് കൂടി. മതിൽ പൊളിഞ്ഞ് മാലിന്യം പുറത്തേക്കൊഴുകാൻ കാരണമായത് മാലിന്യത്തിന്റെ അളവ് ഈ വിധം കൂടിയതിനാലാണ്. ഇതിനെ എതിർത്ത് സംസാരിച്ചാൽ നമ്മൾ കുംടുംബശ്രീക്കാരുടെ ജീവിതം വഴിമുട്ടിക്കുന്നെന്ന് പറയും. മാലിന്യങ്ങൾ ഇല്ലാതാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ വേണ്ടിയാകണം കുടുംബശ്രീകളെ ഉപയോഗിക്കേണ്ടത്. നഗത്തിൽ പ്ലാസ്റ്റിക്ക് നിരോധനം നടത്തുന്നതിനും ആ വർക്കുകൾ ത്വരിതപ്പെടുത്തുന്നതിനുമാകണം അവരെ ഉപയോഗിക്കേണ്ടത്. പ്ലാസ്റ്റിക്കിനു പകരം ബദൽ ഉത്പന്നങ്ങൾ അവരെക്കൊണ്ട് നിർമ്മിപ്പിക്കണം. തുണിസഞ്ചികളൊക്കെ നിർമ്മിക്കാമല്ലോ. ഇത്തരത്തിലുള്ള അടിമപ്പണി ഒരിക്കലും അവരെക്കൊണ്ടെടുപ്പിക്കരുത്.

എ ഡി ബിയുടെ പണം വന്നതോടെ ലാലൂരിൽ പുതിയ പദ്ധതികളും കോർപറേഷൻ ആലോചിക്കുന്നുണ്ട്. 5 കോടി രൂപ മുതൽ മുടക്കി ലാലൂരിൽ എഞ്ചിനീയറിംഗ് ലാന്റ് ഫില്ലിംഗ എന്ന എ ഡി ബി പരിപാടി നടപ്പിലാക്കാനാണ് പുതിയ പദ്ധതി. എന്താണ് എഞ്ചിനീയറിംഗ് ലാന്റ് ഫില്ലിംഗ് എന്ന് ഇതേ വരെ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ആ പ്രോജക്ടിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് വിവരാനകാശ നിയമപ്രകാരം അപേക്ഷിച്ചപ്പോഴാണ് അറിഞ്ഞത് റിപ്പോർട്ട് 5000 പേജുള്ളതാണെന്ന്. അത് ലഭിക്കണമെങ്കിൽ ഒരു പേജിന് 2 രൂപ വച്ച് 10,000 രൂപ വേണം. 2012 വരെയാണ് പ്രോജക്ടിന്റെ കാലാവധി. പ്രോജക്ടിനെക്കുറിച്ചറിയാൻ സമരസമിതിക്ക് അതിന്റെ കുറച്ച് ഭാഗത്തിന്റെയെങ്കിലും കോപ്പി അയച്ചുതരികയാണ് വേണ്ടത്. കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി വന്ന ഈ പ്രോജക്ടിനെക്കുറിച്ച് പഠിക്കാൻ ജിയോളജിക്കൽ വകുപ്പിനെ ഏൽപ്പിക്കുകയും ലാലൂരിന് ഒട്ടും അനുയോജ്യമല്ല ഈ പദ്ധതിയെന്ന് അവർ വിധിയെഴുതുകയും ചെയ്തതാണ്. ലാലൂരിലെ മണ്ണിന്റെയും നീരൊഴുക്കിന്റെയും ഘടനയെക്കുറിച്ച് വ്യക്തമായ പഠനങ്ങൾ നടത്തിയാണ് അവർ പദ്ധതിക്കെതിരായ റിപ്പോർട്ട് സമർപ്പിച്ചത്. എന്നിട്ടും കോർപറേഷന് അനക്കമൊന്നുമില്ല.

**സമരം മുന്നോട്ട് വയ്ക്കുന്ന ആവശ്യങ്ങൾ**

കുടുംബശ്രീ-സേവനശ്രീ മാലിന്യങ്ങൾ ഒരു കാരണവശാലും ലാലൂരിൽ എത്തരുതെന്നതാണ് ഇപ്പോൾ ഞങ്ങളുടെ പ്രധാന ആവശ്യം. പ്ലാസ്റ്റിക്ക് മാലിന്യങ്ങളും എത്താൻ പാടില്ല. മാലിന്യ നിർമ്മാർജ്ജനത്തിലെ കേന്ദ്രീകരണം ഒഴുവാക്കി പരമാവധി പ്രാദേശികമായിത്തന്നെ മാലിന്യങ്ങൾ സംസ്കരിക്കുക. മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുക എന്നതു തന്നെയാണ് ഞങ്ങളുടെ പ്രധാന മുദ്രവാക്യം. ഫ്ളാറ്റുളിലെ മാലിന്യങ്ങൾ അവരുടെ കോമ്പൗണ്ടിനുള്ളിൽ തന്നെ നിർബന്ധമായും സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും കോർപറേഷൻ അത് ഉറപ്പ് വരുത്തുകയും വേണം. മാലിന്യ നിർമ്മാർജ്ജനത്തിന് ഒരു നിയമ സംവിധാനം ഏർപ്പെടുത്തുക.

**രാഷ്ട്രീയ പാർട്ടികളുടെ നിലപാടുകൾ**

സമരത്തിന് എതിരായ നിലപാടാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും ലാലൂരിന്റെ കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളത്. കോർപറേഷനിൽ പല മുന്നണികൾ മാറി മാറി വന്നിട്ടും ആരും ലാലൂരിലെ ജനങ്ങൾക്ക് ആശ്വാസകരമായ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. സി പി എം ഇപ്പോൾ പറയുന്നത് ലാലൂർ ഒരു ആഗോള പ്രതിഭാസമാണെന്നാണ്. മാലിന്യപ്രശ്നം ഒറ്റപ്പെട്ട സംഭവമല്ലെന്നും അതുകൊണ്ടു തന്നെ ലാലൂരിന് പരിഹാരമില്ലെന്നുമാണ് അവർ പറയുന്നത്. സി പി എമ്മിന്റെ ജില്ലാ സെക്രട്ടറി ബേബി ജോൺ ഈ വിധം പറഞ്ഞതിന്റെ തൊട്ടടുത്ത ദിവസമാണ് ഞങ്ങൾ ലാലൂരിലേക്കുള്ള ലോറികൾ തടഞ്ഞത്. കുറച്ച് ആഗോള പ്രതിഭാസം ബേബി ജോണിന്റെ വീട്ടിനടുത്ത് കൊണ്ടിടാൻ പറഞ്ഞു. ലാലൂരിലെ പ്രശ്നം പരിഹരിക്കുന്നത് സി പി എമ്മിന് അഭിമാനക്ഷതമേല്ക്കും എന്ന രീതിയിലാണ് അവർ പെരുമാറുന്നത്. ലാലൂരിനോടുള്ള മേയർ ബിന്ദുവിന്റെ ഇടപെടലും മോശമായിരുന്നു. ഹൈക്കോടതി നിർദ്ദേശ പ്രകാരം ജില്ലാ ജഡ്ജി കമാൽ പാഷ ലാലൂരിൽ തെളിവെടുപ്പിനെത്തിയപ്പോൾ മേയർ പറഞ്ഞ പല വസ്തുതാ വിരുദ്ധമായ കാര്യങ്ങളും പൊളിഞ്ഞത് നിങ്ങൾ പത്രങ്ങളിലൂടെ വായിച്ചു കാണുമല്ലോ? കോർപറേഷനിലെ പ്രതിപക്ഷവും കൗൺസിൽ യോഗങ്ങളിലൊന്നും ലാലൂരിന് വേണ്ടി ഒന്നും സംസാരിക്കുന്നില്ല.

**ഒറ്റവാക്കിൽ**

ഇപ്പോഴത്തെ ലാലൂരിനെ പൂർവ്വ അവസ്ഥയിലെത്തിക്കാൻ എന്താണ് വഴി എന്ന് ആലോചിക്കാൻ കോർപറേഷന് സെപ്റ്റംബർ 16 വരെ അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തീരുമാനമായില്ലെങ്കിൽ സമരം ശക്തമായി ത്തന്നെ തുടരും.

**സർവ്വെ**

ലാലൂരിലെ വെള്ളം, മണ്ണ്, വായു, ജനജീവിതം എന്നിവയെ സംബന്ധിച്ച് വിദഗ്ധൻമാർ അടങ്ങുന്ന ഒരു സമിതിയെക്കൊണ്ട് വിശദമായ സർവ്വെ നടത്താൻ സമരസമിതി തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കും.

**ബന്ധങ്ങൾക്ക് : 9656019523**

# കാതിക്കുടം
## മാലിന്യം വീണ്ടും ചാലക്കുടി പുഴയിലേക്ക്

ചാലക്കുടി പുഴയിലേക്കുള്ള രാസമാലിന്യ നിർഗ്ഗമനത്തിന്റെ നേർക്കാഴ്ച നൽകുന്ന തെളിവുകൾ നിരാകരിച്ച്, ജനങ്ങളുടെ കടുത്ത പ്രതിഷേധങ്ങളെ വകവയ്ക്കാതെ നിറ്റാ ജലാറ്റിൻ കമ്പിനി പുഴയിലേക്ക് മാരക രാസമാലിന്യങ്ങൾ തള്ളുന്നത് പരസ്യമായി തുടരുന്നു. കമ്പിനിയിൽ നിന്നും പുഴയിലേക്ക് മാലിന്യങ്ങൾ തള്ളുന്ന പൈപ്പ് പൊട്ടി രാസമാലിന്യം കാതിക്കുടം പടിഞ്ഞാറ് ഭാഗത്ത് നിറയുകയും പഞ്ചായത്ത് കമ്പിനിയുടെ ലൈസൻസ് താത്കാലികമായി റദ്ദു ചെയ്യുകയും ചെയ്തിരുന്നു. റവന്യു വകുപ്പിന്റെ നിർദ്ദേശ പ്രകാരം കമ്പിനി ജീവനക്കാർ മാലിന്യങ്ങൾ നീക്കം ചെയ്തു. എന്നാൽ ഹൈക്കോടതിയിൽ നിന്നും ലഭിച്ച സ്റ്റേ പ്രകാരം കമ്പിനി പ്രവർത്തനം പുനഃരാരംഭിച്ചിരിക്കുകയാണ്. തുടർന്ന് ജൂലൈ 27ന് വീണ്ടും പുഴയുടെ പരിസരത്ത് രാസമാലിന്യം ഒഴുകിപ്പരന്നു. ഉത്പാദനത്തിന് ശേഷം ശുദ്ധീകരിച്ച് വെള്ളം വിടുന്നതിനെന്ന് കമ്പിനി അവകാശപ്പെടുന്ന നിർഗ്ഗമനക്കുഴൽ മാലിന്യ സമ്മർദ്ദം കാരണം പൊട്ടിയതാണ് രാസപദാർത്ഥങ്ങൾ ഒഴുകാനിടയാക്കിയത്. തുടർന്ന് നാട്ടുകാരും ആക്ഷൻ കൗൺസിലും സംഘടിച്ച് കമ്പിനി പ്രവർത്തനം നിർത്തി വയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിഷേധ പ്രകടനം നടത്തി. പക്ഷെ വാദി പ്രതിയാകുന്ന തരത്തിൽ പോലീസ് ആക്ഷൻ കൗൺസിൽ പ്രവർത്തകർക്കെതിരെ വ്യാപകമായ തരത്തിൽ കള്ളകേസുകൾ എടുത്തു.

മാലിന്യം പുറം തള്ളുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്ന് കമ്പിനി യൂണിയനിലെ ചില തൊഴിലാളി നേതാക്കൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. തുടർച്ചയായ നിയമലംഘന പ്രശ്നങ്ങൾക്കെതിരെ കോടതിയെ കോടതിയെ സമീപിക്കാൻ ഒരുങ്ങുകയാണ് പഞ്ചായത്ത്.

**ബന്ധങ്ങൾക്ക് : അനിൽ 9745143069**


**പുതിയ ഡോക്യുമെന്ററി സിനിമകൾ**

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ)
33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം)
37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ-ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ)
25 മിനിറ്റ്
സംവിധാനം :
അഡ്വ. ആർ.കെ. ആശ

വി.സി.ഡി./ഡി.വി.ഡി./ വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും

കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 04872421385